**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **06-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മികവിന്റെ കേന്ദ്രമാക്കുന്നതിനുമുള്ള ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി കൾ വിപുലീകരിച്ച് രോഗീ സൗഹൃദമാക്കിയിട്ടുണ്ട്. ഇ- ഹെൽത്ത് സംവിധാനം ഒരുക്കി ഒ.പി കൾ പൂർണമായും കംപ്യൂട്ടറൈസ്ഡ് ചെയ്തു വരുന്നു. കൂടാതെ ആശുപത്രികളിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വീട്ടിലിരുന്നു ഡോക്ടറെ കാണുവാൻ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ടെലിമെഡിസിൻ, ഇ-സഞ്ജീവനി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നതിനെത്തുടർന്ന് മറ്റ് മെഡിക്കൽ കോളേജുകളിലും നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിന് അതിനൂതന ഉപകരണങ്ങൾ സ്ഥാപിച്ച് കൂടുതൽ രോഗീസൗഹൃദമാക്കുന്നതിനും ലക്ഷ്യമിട്ട് മെഡിക്കൽ കോളേജുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് ഇതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മികവിന്റെ കേന്ദ്രമാക്കുന്നതിനുമുള്ള ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി കൾ വിപുലീകരിച്ച് രോഗീ സൗഹൃദമാക്കിയിട്ടുണ്ട്. ഇ- ഹെൽത്ത് സംവിധാനം ഒരുക്കി ഒ.പി കൾ പൂർണമായും കംപ്യൂട്ടറൈസ്ഡ് ചെയ്തു വരുന്നു. കൂടാതെ ആശുപത്രികളിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വീട്ടിലിരുന്നു ഡോക്ടറെ കാണുവാൻ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ടെലിമെഡിസിൻ, ഇ-സഞ്ജീവനി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നതിനെത്തുടർന്ന് മറ്റ് മെഡിക്കൽ കോളേജുകളിലും നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിന് അതിനൂതന ഉപകരണങ്ങൾ സ്ഥാപിച്ച് കൂടുതൽ രോഗീസൗഹൃദമാക്കുന്നതിനും ലക്ഷ്യമിട്ട് മെഡിക്കൽ കോളേജുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് ഇതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. |
| (ബി) | പി .ജി. ഡോക്ടറെന്ന വ്യാജേന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗിയെ ചികിത്സിച്ച് തട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഈ സംഭവം ഗൗരവത്തോടെ കണ്ട് സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നിരവധി ദിവസങ്ങളായി ഒരു വ്യക്തി ഡോക്ടർ ചമഞ്ഞ് തട്ടിപ്പ് നടത്തിയിട്ടും കണ്ടുപിടിക്കാൻ വൈകിയതായി പറയപ്പെടുന്നത് വീഴ്ചയായി കരുതുന്നുണ്ടോ; | (സി) | ചികിത്സ നടത്തിയെന്നു പറയപ്പെടുന്ന രോഗിയുടെ കൂട്ടിരിപ്പുകാരനായിട്ടാണ് ഇയാൾ ഈ ആശുപത്രിയിൽ പ്രവേശിച്ചത്. ആയതിനാലാണ് ശ്രദ്ധയിൽപ്പെടാതെ പോയത്. ആശുപത്രി ജീവനക്കാർ തന്നെ ഇയാളെ കണ്ടെത്തുകയും പോലീസിൽ പരാതി നൽകുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | വ്യാജ ഡോക്ടർ ചികിത്സ നടത്തിയതും വൃക്ക മാറ്റിവയ്ക്കലിനിടെ രോഗി മരിച്ചതുമടക്കമുള്ള നിരവധി സംഭവങ്ങൾ ആവർത്തിക്കുന്നത് ഉത്തരവാദിത്തപ്പെട്ടവരുടെ അനാസ്ഥ മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | വ്യാജ ഡോക്ടർ ചികിത്സ നടത്തിയ സംഭവവും വൃക്ക മാറ്റി വയ്ക്കലിനിടെ രോഗി മരിച്ചതുമായ സംഭവങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിലായി വ്യത്യസ്ത ദിവസങ്ങളിൽ സംഭവിച്ചിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങളാണ്. ചികിത്സ നടത്തിയെന്നു പറയപ്പെടുന്ന ആൾ രോഗിയുടെ കൂട്ടിരിപ്പുകാരനായിട്ടാണ് ഈ ആശുപത്രിയിൽ പ്രവേശിച്ചത്. വൃക്ക മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് രോഗി മരിച്ചതിന്റെ കാരണം പോസ്റ്റ്മോർട്ടം റിപ്പോർട്ട് കൂടി ലഭ്യമായാൽ മാത്രമേ അറിയുവാൻ കഴിയൂ. |
| (ഇ) | ഇത്തരം സംഭവങ്ങൾ ആവർത്തിയ്ക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | മെഡിക്കൽ കോളേജുകളുടെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.ടി.വി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡ്യൂട്ടി സമയങ്ങളിൽ ഡോക്ടർമാർ, നഴ്സുമാർ, ഉൾപ്പടെയുള്ള എല്ലാ വിഭാഗം ജീവനക്കാരും വിദ്യാർത്ഥികളും ഐ.ഡി കാർഡ് നിർബന്ധമായും ധരിച്ചിരിക്കണമെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാപേരുടെയും ഐ.ഡി കാർഡ് പരിശോധിക്കുകയും രോഗികളുടെ കൂട്ടിരിപ്പുകാരുടെ പാസ്സ് പരിശോധിച്ച് മാത്രമേ അകത്തേയ്ക്ക് കയറ്റി വിടാവൂ എന്ന് സുരക്ഷാ വിഭാഗം ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ